പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 313

# 2010-ലെ അബ്കാരി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 313

# 2010-ലെ അബ്കാരി (ഭേദഗതി) ബിൽ

305/2010.

# 2010-ലെ അബ്കാരി (ഭേദഗതി) ബിൽ

## അബ്കാരി ആക്റ്റ്, 1077-ലെ 1 വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—അബ്കാരി ആക്റ്റ്, 1077-ലെ 1 ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിഒന്നാം സംവത്സരത്തിൽ ഇനി പറയുംപ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ അബ്കാരി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ാം വകുപ്പ് 1996 മാർച്ച് 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ 2009 ഡിസംബർ മാസം 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 6-ാം വകുപ്പിന്റെ ഭേദഗതി.—അബ്കാരി ആക്റ്റ്, 1077-ലെ 1 (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കുക) 6-ാം വകുപ്പിൽ, (1)-ാം ഉപ വകുപ്പിനുശേഷം ഇനിപറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മനുഷ്യരുടെ ഉപഭോഗത്തിനായുള്ള മദ്യം ഉൽപാദിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന റെക്റ്റിഫൈഡ് സ്പിരിറ്റ് അല്ലെങ്കിൽ അബ്സല്യൂട്ട് ആൽക്കഹോൾ ഉൾപ്പെടെയുള്ള എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്മേൽ ഇറക്കുമതി ഫീസ് ചുമത്തുവാൻ പാടുള്ളതല്ല.".

3. 12 സി എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിൽ, 12 ബി വകുപ്പിനുശേഷം, ഇനിപറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്.—

"12 സി. ലേബലോ സെക്യൂരിറ്റി സ്റ്റിക്കറോ കപടാനുകരണം നടത്തുന്നതിനും വ്യാജനിർമ്മിതമോ കപടാനുകരണം നടത്തിയതോ വിൽക്കുന്നതും വാങ്ങുന്നതും സ്വീകരിക്കുന്നതും കൈവശം വയ്ക്കുന്നതും തുടങ്ങിയവയ്ക്കുള്ള നിരോധനം.—(1) യാതൊരാളും, മദ്യത്തിന്റെ വിൽപ്പനയ്ക്കായി ഉപയോഗിക്കുന്ന ഏതെങ്കിലും ലേബലോ സെക്യൂരിറ്റി സ്റ്റിക്കറോ കപടാനുകരണം നടത്തുകയോ അറിഞ്ഞുകൊണ്ട് കപടാനുകരണം നടത്തുന്ന പ്രക്രിയയിൽ എന്തെങ്കിലും പങ്ക് വഹിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

305/2010.

(2) വ്യാജനിർമ്മിതമാണെന്നോ കപടാനുകരണം നടത്തിയതാണെന്നോ അറിഞ്ഞുകൊണ്ടോ, അങ്ങനെ വിശ്വസിക്കുവാൻ കാരണമുള്ളിടത്തോ യാതൊരാളും, മദ്യത്തിന്റെ വിൽപ്പനയ്ക്കായി ഉപയോഗിക്കുന്ന ഏതെങ്കിലും വ്യാജ നിർമ്മിതമോ കപടാനുകരണം നടത്തിയതോ ആയ ഏതെങ്കിലും ലേബലോ സെക്യൂരിറ്റി സ്റ്റിക്കറോ വിൽക്കുകയോ മറ്റേതെങ്കിലും ആളിൽ നിന്നും വാങ്ങുകയോ സ്വീകരിക്കുകയോ മറ്റു വിധത്തിൽ ക്രയവിക്രയം നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) യാതൊരാളും, ഏതെങ്കിലും വ്യാജ നിർമ്മിതമോ കപടാനുകരണം നടത്തിയതോ ആയ ലേബലോ സെക്യൂരിറ്റി സ്റ്റിക്കറോ അവ വ്യാജ നിർമ്മിതമോ കപടാനുകരണം നടത്തിയതോ ആണെന്നും മദ്യം വിൽക്കുന്നതിനായി അവ യഥാർത്ഥമാണെന്ന വ്യാജേന ഉപയോഗിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിലോ, അയാളുടെ കൈവശം വയ്ക്കുവാൻ പാടുള്ളതല്ല.

(4) യാതൊരാളും, ഏതെങ്കിലും യന്ത്രമോ ഉപകരണമോ അച്ചടി യന്ത്രമോ കമ്പ്യൂട്ടറോ പ്രിന്ററോ സ്കാനറോ ഏതെങ്കിലും സമാന സാമഗ്രിയോ അവ, മദ്യവിൽപ്പനയ്ക്കായുള്ള ഏതെങ്കിലും ലേബലോ സെക്യൂരിറ്റി സ്റ്റിക്കറോ വ്യാജമായി നിർമ്മിക്കുന്നതിനോ കപടാനുകരണം നടത്തുന്നതിനോ ഉള്ള ആവശ്യത്തിന് ഉപയോഗിക്കുന്നതിനായോ അങ്ങനെയുള്ള ആവശ്യത്തിന് ഉപയോഗിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിലോ ഉണ്ടാക്കുകയോ വാങ്ങുകയോ വിൽക്കുകയോ കയ്യൊഴിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക് "കപടാനുകരണം നടത്തുക" എന്ന പദപ്രയോഗത്തിന്, 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 28-ാം വകുപ്പിലെ അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.".

4. 15 സി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 15 സി വകുപ്പിൽ,—

(എ) വിശദീകരണം I-ൽ "പൊതു യാത്രാ വാഹനത്തിന്റെ" എന്ന വാക്കുകൾക്കുപകരം "പൊതു യാത്രാ വാഹനത്തിന്റെയോ ചരക്കു വാഹനത്തിന്റെയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) വിശദീകരണം II-ന് പകരം ഇനി പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത് :—

"വിശദീകരണം II.—വിശദീകരണം I-ന്റെ ആവശ്യത്തിലേക്കായി, "പൊതു യാത്രാ വാഹനം അല്ലെങ്കിൽ ചരക്ക് വാഹനം" എന്നാൽ യാത്രക്കാരെ അല്ലെങ്കിൽ ചരക്കുകൾ വഹിച്ചുകൊണ്ടുപോകുന്നതിന് വേണ്ടി ഒരു വാഹനം മൊത്തത്തിലുപയോഗിക്കുന്നതിലേക്കായി പ്രകടമായോ വ്യംഗ്യമായോ ഉള്ള ഒരു കരാറോടു കൂടിയോ അല്ലാതെയോ ഒരു നിശ്ചിതമോ സമ്മതിച്ചതോ ആയ നിരക്കിലോ, തുകയ്ക്കോ, വാടകയ്ക്ക് അല്ലെങ്കിൽ പ്രതിഫലത്തിന് ഉപയോഗിക്കുന്ന വാഹനവും ഏതെങ്കിലും പൊതുസ്ഥലത്തുള്ള ഒരു സ്വകാര്യ വാഹനം ഉൾപ്പെടെയും എന്ന് അർത്ഥമാകുന്നു.".

5. 30 എ. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 30-ാം വകുപ്പിനുശേഷം, ഇനിപറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"30എ. കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി അബ്കാരി ഉദ്യോഗസ്ഥർക്ക് പോലീസ് ഉദ്യോഗസ്ഥർക്ക് സമാനമായ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണെന്ന്.—ഈ ആക്റ്റിൻകീഴിലുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയ്ക്കു (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) കീഴിൽ പോലീസ് ഉദ്യോഗസ്ഥർക്കുള്ള അതേ അധികാരങ്ങൾ അബ്കാരി ഉദ്യോഗസ്ഥർക്കും ഉണ്ടായിരിക്കുന്നതാണ്.''.

6. 53 ബി. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിൽ 53 എ വകുപ്പിനുശേഷം, ഇനി പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"53 ബി. പിടിച്ചെടുക്കപ്പെട്ട വസ്തുക്കളിന്മേൽ കോടതികൾക്കുള്ള അധികാരിത.—ഏതെങ്കിലും കുറ്റം ചെയ്യുന്നതിന് ഉപയോഗിച്ച ഏതെങ്കിലും വാഹനമോ മറ്റ് ഗതാഗത ഉപാധിയോ ഈ ആക്റ്റ് പ്രകാരം പിടിച്ചെടുക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുമ്പോഴെല്ലാം, അത് താത്കാലികമായി വിട്ടുകൊടുക്കേണ്ടതാണെന്ന് ഏതെങ്കിലും കോടതി കണ്ടെത്തുകയാണെങ്കിൽ, അങ്ങനെയുള്ള വാഹനത്തിനോ ഗതാഗത ഉപാധിക്കോ എക്സൈസ് വകുപ്പിലെ മെക്കാനിക്കൽ എഞ്ചിനീയറോ സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിലോ അതിനു മുകളിലോ ഉള്ള ഏതെങ്കിലും മെക്കാനിക്കൽ എഞ്ചിനീയറോ അപ്രകാരമുള്ള വാഹനത്തിന്റെയോ ഗതാഗത ഉപാധിയുടെയോ കമ്പോള വിലയ്ക്ക് തുല്യമായ തുകയ്ക്ക് ക്യാഷ് സെക്യൂരിറ്റിയായി മതിയായത്ര ബോണ്ട്, എഴുതി ഒപ്പിട്ട് പൂർത്തീകരിക്കണമെന്നുള്ള നിർദ്ദേശത്തോടെ ആവശ്യപ്പെടുമ്പോൾ അങ്ങനെയുള്ള വാഹനമോ ഗതാഗത ഉപാധിയോ കോടതി മുമ്പാകെയോ പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെയോ ഹാജരാക്കുന്നതിനുവേണ്ടി അത് താൽക്കാലികമായി വിട്ടുകൊടുക്കേണ്ടതും അപ്രകാരമുള്ള ഉത്തരവ് ഈ ആക്റ്റിലെ 67 ബി വകുപ്പുപ്രകാരം നടപടി എടുക്കുന്നതിനോ തുടരുന്നതിനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ തടയുന്നതല്ലാത്തതുമാകുന്നു.".

7. 55 സി മുതൽ 55 എച്ച് വരെയുള്ള പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിൽ 55 ബി വകുപ്പിനുശേഷം, ഇനി പറയുന്ന വകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"55 സി. ലേബലിന്റെയോ സെക്യൂരിറ്റി സ്റ്റിക്കറിന്റെയോ കപടാനുകരണം നടത്തുന്നത് വില്ക്കുന്നത് മുതലായവയ്ക്കുള്ള ശിക്ഷ.—ഈ ആക്റ്റിലെ 12 സി വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളേയും, ക്ഷമതയുള്ള ഒരു കോടതി മുൻപാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ, അഞ്ചു വർഷംവരെ ആകാവുന്ന തടവോ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.".

55 ഡി. കുറ്റകരമായ ഗൂഢാലോചനയ്ക്കുള്ള ശിക്ഷ.—ഈ ആക്റ്റ്പ്രകാരം നിയമവിരുദ്ധമായ ഒരു പ്രവൃത്തി രണ്ടോ അതിലധികമോ ആളുകൾ ചെയ്യുന്നതിനോ ചെയ്യിപ്പിക്കുന്നതിന് ഇടയാക്കുന്നതിനോ സമ്മതിക്കുകയും ആ കരാറിലെ കക്ഷികളിൽ

ഏതെങ്കിലും ഒരാളോ ഒന്നിലധികം ആളുകളോ അങ്ങനെയുള്ള കരാറിനനുസൃതമായി നിയമവിരുദ്ധമായ ഒരു പ്രവൃത്തി ചെയ്യുകയും ചെയ്താൽ അങ്ങനെയുള്ള ഒരു കരാർ, ഈ ആക്റ്റ്പ്രകാരം, കുറ്റകരമായ ഒരു ഗൂഢാലോചന ആസൂത്രണം ചെയ്തതെന്നും കുറ്റകരമായ ഗൂഢാലോചനയിലെ കക്ഷികളിലെ ഓരോ ആളേയും, കുറ്റസ്ഥാപനത്തിന്മേൽ, പ്രസ്തുത കുറ്റം ചെയ്തതിന് വ്യവസ്ഥ ചെയ്തിട്ടുള്ള അതേ ശിക്ഷ തന്നെ നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

"55 ഇ. സാധനങ്ങളിൽ വ്യാജമായ ചിഹ്നം രേഖപ്പെടുത്തുന്നതിനോ വ്യാജമായ വസ്തു ചിഹ്നം ഉപയോഗിക്കുന്നതിനോ ഉള്ള ശിക്ഷ.—(എ) മദ്യമോ ലഹരിയുള്ള ഔഷധമോ വഹിക്കുന്ന ഏതെങ്കിലും പെട്ടിയിലോ പൊതിയിലോ മറ്റ് പാത്രത്തിലോ ഏതെങ്കിലും വാഹനത്തിലോ ചരക്കുകളിലോ മറ്റ് ജംഗമവസ്തുവിലോ അടയാളം രേഖപ്പെടുത്തുന്നതും അല്ലെങ്കിൽ അങ്ങനെയുള്ള പെട്ടി, പൊതി, പാത്രം അല്ലെങ്കിൽ വാഹനം അല്ലെങ്കിൽ ചരക്കുകൾ അല്ലെങ്കിൽ അപ്രകാരമുള്ള വസ്തു, അപ്രകാരം അടയാളപ്പെടുത്തപ്പെട്ട വസ്തുവോ ചരക്കുകളോ, അത് ആർക്ക് സ്വന്തമല്ലയോ അത്, മനഃപൂർവ്വം അയാൾക്ക് സ്വന്തമാണെന്ന് ന്യായമായി വിശ്വസിക്കപ്പെടാൻ ഇടയാക്കുന്ന വിധത്തിൽ, ഉപയോഗിക്കുകയോ അവയെ ഒരു സാങ്കല്പിക വ്യക്തിയുടെ പേരിൽ ചിഹ്നം രേഖപ്പെടുത്തുകയോ ചെയ്യുന്നു ; അല്ലെങ്കിൽ

(ബി) ഈ വകുപ്പിലെ (എ) ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള വാഹനത്തിന്റെയോ മറ്റ് സാധനങ്ങളുടെയോ യഥാർത്ഥ ഉടമസ്ഥനെ തിരിച്ചറിയാതിരിക്കുന്നതിനുവേണ്ടിയോ നിയമപരമായ ഉത്തരവാദിത്വങ്ങളിൽനിന്നും അതിന്റെ മറ്റ് പരിണിത ഫലങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയോ അസ്സലായതോ യഥാർത്ഥമായതോ ആയ ചിഹ്നത്തെ നീക്കം ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, മൂന്ന് വർഷം വരെയാകാവുന്ന തടവോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ അവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, ഒരു വാഹനത്തിന്റെ ഏതെങ്കിലും ഭാഗത്ത് ആലേഖനം ചെയ്തിട്ടുള്ള എൻജിൻ നമ്പരും ചേസിസ് നമ്പരും ഒരു വസ്തുചിഹ്നമായി കരുതപ്പെടേണ്ടതാണ്.

55 എഫ്. 55 ഇ വകുപ്പിൽ വിവരിച്ചിട്ടുള്ള സാധനങ്ങൾ കൈവശം വയ്ക്കുന്നതിനുള്ള ശിക്ഷ.—മദ്യമോ ലഹരിയുള്ള ഔഷധമോ ക്രയവിക്രയം ചെയ്യുന്നതിന് ഉപയോഗിച്ചിട്ടുള്ളതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ 55 ഇ വകുപ്പിൽ വിവരിച്ചിട്ടുള്ള വസ്തുവോ ചരക്കുകളോ വാഹനമോ മറ്റ് സാധനങ്ങളോ അപ്രകാരം ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന് അറിഞ്ഞുകൊണ്ട് കൈവശത്തിലോ നിയന്ത്രണത്തിലോ വയ്ക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, മേല്പറഞ്ഞ വകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ചിരിക്കുന്ന കുറ്റത്തിന് നൽകുന്ന അതേ ശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

55 ജി. വ്യാജരേഖകൾ ഉണ്ടാക്കുന്നതിനോ ഉപയോഗിക്കുന്നതിനോ ഉള്ള ശിക്ഷ.—ഏതെങ്കിലും മദ്യമോ ലഹരിയുള്ള ഔഷധമോ ഉൽപ്പാദിപ്പിക്കണമെന്നോ സംഭരിക്കണമെന്നോ വിൽക്കണമെന്നോ പരിവഹണം ചെയ്യണമെന്നോ അല്ലെങ്കിൽ ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പുറപ്പെടുവിച്ച വിജ്ഞാപനമോ പ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യണമെന്നോ അല്ലെങ്കിൽ അപ്രകാരമുള്ള നിയമങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും ചെയ്യുന്നതിനും,

നിയമപരമായ ഉത്തരവാദിത്ത്വങ്ങളിൽ നിന്നും മറ്റു പരിണിതഫലങ്ങളിൽ നിന്നും രക്ഷപ്പെടണമെന്നും ഉള്ള ഉദ്ദേശ്യത്തോടുകൂടി നേരുകേടായോ വഞ്ചനാപൂർവ്വകമായോ നിയമപരമായ പ്രാധികാരമില്ലാതെയോ ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ, അങ്ങനെയുള്ള രേഖയോ അതിന്റെ ഭാഗമോ നിയമപരമായ ഒരു അധികാരസ്ഥാനത്താൽ ഉണ്ടാക്കിയതാണെന്ന് വിശ്വസിക്കാൻ ഇടയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അതിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുകയോ അല്ലെങ്കിൽ സ്വമേധയായോ മറ്റൊരാളാലോ അപ്രകാരമുള്ള ആവശ്യങ്ങൾക്കായി ഉണ്ടാക്കിയ അങ്ങനെയുള്ള രേഖയോ അതിന്റെ ഭാഗമോ, അത് വ്യാജരേഖയാണെന്നോ യഥാർത്ഥ രേഖയല്ലെന്നോ ഉള്ള അറിവോടുകൂടി ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, മൂന്ന് വർഷം വരെയാകാവുന്ന തടവോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വിശദീകരണം I:—ഈ വകുപ്പുപ്രകാരം, മറിച്ചു തെളിയിക്കപ്പെടുന്നതുവരെ, വ്യാജമാണെന്നോ യഥാർത്ഥമല്ലെന്നോ ഉള്ള അറിവോടെയാണ് അങ്ങനെയുള്ള രേഖ ആ ആൾ ഉപയോഗിച്ചിട്ടുള്ളത് എന്ന് അനുമാനിക്കേണ്ടതാണ്.

വിശദീകരണം II:—ഈ വകുപ്പിൽ, "രേഖ" എന്ന വാക്കിന്, ഈ ആക്റ്റിലെ മറ്റേതെങ്കിലും വകുപ്പിൽ മറിച്ച് എന്തെങ്കിലും വിനിർദ്ദേശിച്ചിട്ടില്ലാത്ത പക്ഷം, 1872-ലെ ഇന്ത്യൻ തെളിവ് നിയമത്തിലെ (1872-ലെ 1-ാം ആക്റ്റ്) 3-ാം വകുപ്പിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

55 എച്ച്. നിയമവിരുദ്ധമായ പരസ്യത്തിനുള്ള ശിക്ഷ.—ഏതെങ്കിലും മദ്യമോ ലഹരിയുള്ള ഔഷധമോ ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുന്നതോ അത് വാഗ്ദാനം ചെയ്യുന്നതോ ആയ ഏതെങ്കിലും പരസ്യം അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ നൽകുകയോ ചെയ്യുന്ന ഏതൊരാളേയും ആറ് മാസക്കാലം വരെയാകാവുന്ന തടവോ ഇരുപത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് :

എന്നാൽ വിൽപ്പന കേന്ദ്രങ്ങളിൽ ഉപഭോക്താക്കളുടെ അറിവിലേക്കായി പ്രദർശിപ്പിച്ചിട്ടുള്ള വിലവിവര പട്ടികയ്ക്ക് ഈ വകുപ്പ് ബാധകമാകുന്നതല്ല.

8. 56-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 56-ാം വകുപ്പിൽ, "രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 57-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 57-ാം വകുപ്പ് (എ) ഖണ്ഡത്തിൽ "അന്യ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്,

10. 62 എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 61-ാം വകുപ്പിന് ശേഷം, ഇനി പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"62. പൊതുലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി പല ആളുകൾ ചേർന്ന് ചെയ്യുന്ന കുറ്റം.—എല്ലാപേരുടെയും പൊതുലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി പല ആളുകൾ ചേർന്ന്, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്യുമ്പോൾ അവരിൽ ഓരോ ആളും സ്വയം ആ കുറ്റം ചെയ്താൽ അപരാധിയാകുമായിരുന്നു എന്നതുപോലെ ഓരോ ആളും ആ കുറ്റത്തിന് അപരാധിയാകുന്നതാണ്.".

11. 67-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 67-ാം വകുപ്പിൽ,—

(എ) നിലവിലുള്ള ശീർഷകത്തിന് പകരം, ഇനി പറയുന്ന ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"പിഴ ചുമത്തുന്നതിനുള്ള അധികാരം.—";

(ബി) (1)-ാം ഉപവകുപ്പിന് പകരം, ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടം ലംഘിച്ചതിന്, ഈ ആക്റ്റ്പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസോ പെർമിറ്റോ ഉള്ള ഏതൊരാളുടെ മേലും, ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള പിഴ ചുമത്തുന്നതിന് കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കുന്നതാണ് :

എന്നാൽ ആ ആൾക്ക് പറയുവാനുള്ളത് കേൾക്കാൻ ഒരു അവസരം നൽകാതെ, ഈ വകുപ്പുപ്രകാരം ഏതെങ്കിലും പിഴ ചുമത്തിക്കൊണ്ടുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.".

12. 67 എ. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 67-ാം വകുപ്പിനുശേഷം, ഇനി പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"67 എ. കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള അധികാരം.—(1) എക്സൈസ് കമ്മീഷണർക്കോ ബന്ധപ്പെട്ട ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്കോ ഗസറ്റ് വിജ്ഞാപനംവഴി സർക്കാർ ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയ ഏതെങ്കിലും അബ്കാരി ആഫീസർക്കോ, (1)-ാം കോളത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്ന് ന്യായമായി സംശയിക്കപ്പെടുന്ന ഏതൊരാളിൽനിന്നും, ഏതൊരു കുറ്റമാണോ ചെയ്യപ്പെട്ടിട്ടുള്ളത് അത് രാജിയാക്കുന്നതിനായി താഴെ പട്ടികയിൽ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തുക സ്വീകരിക്കാവുന്നതും, കണ്ടുകെട്ടലിന് വിധേയമായിരിക്കുന്ന ഏതെങ്കിലും വസ്തു പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ അതിന് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ കണക്കാക്കിയിട്ടുള്ള വില നൽകുന്നതിന്മേൽ അത് വിട്ടു കൊടുക്കാവുന്നതുമാണ്.

പട്ടിക

| കുറ്റം | ആക്റ്റിലെ തൽസ്ഥാനീയ വകുപ്പ് | രാജിയാക്കൽ ഫീസ് രൂപയിൽ |
|---|---|---|
| (1) | (2) | (3) |
| വിജ്ഞാപനംവഴി സർക്കാർ നിർണ്ണയിക്കപ്പെട്ട അളവിൽ അധികമായി മദ്യമോ ലഹരി മരുന്നോ പരിവഹണം ചെയ്യുന്നത് | 10 | 5,000 |
| നിർണ്ണയിക്കപ്പെട്ട അളവിൽ അധികമായി മദ്യമോ ലഹരിമരുന്നോ കൈവശം വയ്ക്കുന്നത് | 13 | 5,000 |

| (1) | (2) | (3) |
|---|---|---|
| 18 വയസ്സിനുതാഴെ പ്രായമുള്ള ആളുകളുടെ മദ്യം കഴിയ്ക്കൽ അല്ലെങ്കിൽ ഉപയോഗം | 15 എ | 5,000 |
| 18 വയസ്സിന് താഴെ പ്രായമുള്ള ആളിന് മദ്യം വിൽക്കുന്നത് | 15 ബി | 5,000 |
| പൊതു സ്ഥലങ്ങളിൽ വച്ച് മദ്യം കഴിയ്ക്കൽ | 15 സി | 5,000 |
| ഈ ആക്റ്റോ ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഏതെങ്കിലും ഉത്തരവോ ലംഘിച്ചുകൊണ്ട് ഏതെങ്കിലും കള്ളുൽപ്പാദിത വൃക്ഷം ചെത്തുകയോ ചെത്തുവാൻ ഇടയാക്കുകയോ ചെയ്യുന്നത് | 55 (ഡി) | 10,000 |
| ഈ ആക്റ്റോ ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഏതെങ്കിലും ഉത്തരവോ ലംഘിച്ചുകൊണ്ട് ഏതെങ്കിലും വൃക്ഷത്തിൽ നിന്നും കള്ള് എടുക്കുകയോ എടുക്കുവാൻ ഇടയാക്കുകയോ ചെയ്യുന്നത് | 55 (ഇ) | 10,000 |
| ലൈസൻസിയുടെയും മറ്റും നടപടി ദൂഷ്യം | 56 | 25,000 |
| ബിസിനസ്സിന്റെയോ നിർമ്മിക്കുന്നതിന്റെയോ സ്റ്റോക്ക് ചെയ്യുന്നതിന്റെയോ പരിസരങ്ങളിൽ വച്ച്, ഉത്തമ വിശ്വാസത്തോടുകൂടിയ ഔഷധ കൂട്ടുകളൊഴികെയുള്ള മദ്യമോ ലഹരി മരുന്നോ അടങ്ങുന്ന മരുന്നുകളുടെ ഉപഭോഗം | 56 എ(2) | 5,000 |

(2) (1)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു കുറ്റം ഉൾപ്പെടുന്ന ഏതെങ്കിലും വ്യവഹാരം ഒരു കോടതി മുമ്പാകെ നിലവിലിരിക്കുകയാണെങ്കിൽ, ആ കുറ്റം അങ്ങനെയുള്ള കോടതിയുടെ അനുമതിയോടുകൂടി രാജിയാക്കാവുന്നതും അതിന്മേൽ എടുത്ത നടപടിയുടെ ഒരു റിപ്പോർട്ട് കോടതി മുമ്പാകെ ഫയൽ ചെയ്യേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്, അതതു സംഗതിപോലെ, അങ്ങനെയുള്ള തുകയോ വിലയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകുന്നതിന്മേൽ, കുറ്റാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളെ, അയാൾ കസ്റ്റഡിയിലാണെങ്കിൽ, മോചിപ്പിക്കേണ്ടതും പിടിച്ചെടുത്ത വസ്തു വിട്ടുകൊടുക്കേണ്ടതും ആ ആൾക്കോ വസ്തുവിനോ എതിരായി യാതൊരു തുടർന്നുള്ള നടപടികളും സ്വീകരിക്കുവാൻ പാടില്ലാത്തതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "രാജിയാക്കുക" എന്ന വാക്കിന് കുറ്റങ്ങൾ രാജിയാക്കുക എന്നർത്ഥമാകുന്നു.".

13. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 6) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ അഥവാ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റുപ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

എക്സൈസ് വകുപ്പ് നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്ത് വ്യാജ മദ്യത്തിന്റെ/കള്ളിന്റെ ഉൽപാദനവും വിൽപനയും നിയന്ത്രിക്കുന്നതിനും അബ്കാരി ആക്റ്റ്, 1077-ലെ 1-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് പഠിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി സർക്കാർ, 2007 നവംബർ 26-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 234/07/ടി.ഡി. പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സർക്കാർ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചിട്ടുള്ളതും അബ്കാരി ആക്റ്റ്, 1077-ലെ 1-ൽ ഇനിപ്പറയുന്ന ഭേദഗതികൾ 12-ാം കേരള നിയമസഭയിൽ പ്രസിദ്ധീകരിച്ച 37-ഉം 47-ഉം ബില്ലുകളിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾക്കൊപ്പം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്, അതായത്:—

(i) 1996 മാർച്ച് 30-ാം തീയതി മുതൽ പ്രാബല്യത്തോടുകൂടി, റെക്റ്റിഫൈഡ് സ്പിരിറ്റ് അല്ലെങ്കിൽ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്മേൽ ഇറക്കുമതി ഫീസ് ചുമത്തുകയും ഈടാക്കുകയും ചെയ്യുന്നതിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള 6-ാം വകുപ്പിന്റെ ഭേദഗതി ;

(ii) അബ്കാരി ആക്റ്റിൽ ഏതെങ്കിലും വ്യാജനിർമ്മിത ലേബലുകളോ സെക്യൂരിറ്റി സ്റ്റിക്കറുകളോ കപടാനുകരണം നടത്തുന്നതും വിൽക്കുന്നതും വാങ്ങുന്നതും സ്വീകരിക്കുന്നതും കൈവശം വയ്ക്കുന്നതും നിരോധിക്കുന്നതും അങ്ങനെയുള്ള കുറ്റങ്ങൾക്ക് ശിക്ഷ ഏർപ്പെടുത്തുന്നതിനും ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി 12 സി എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ ;

(iii) ഈ വകുപ്പിൻ കീഴിലുള്ള 'പൊതുസ്ഥലം' എന്ന വാക്കിന്റെ അർത്ഥ വ്യാപ്തി വർദ്ധിപ്പിച്ച് ചരക്കുവാഹനത്തെയും അതിന്റെ പരിധിക്കുള്ളിൽ കൊണ്ടുവരുന്നതിനാണ് 15 സി വകുപ്പിന്റെ ഭേദഗതി ;

(iv) 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കുറ്റകൃത്യങ്ങളുടെ അന്വേഷ ണത്തിന്റെ ആവശ്യത്തിലേക്കായി പോലീസ് ഉദ്യോഗസ്ഥരുടേതിനു തുല്യമായ അധികാരങ്ങൾ അബ്കാരി ഉദ്യോഗസ്ഥർക്കും നൽകുന്നത് വ്യവസ്ഥ ചെയ്യുന്നതിന് വേണ്ടിയാണ് 30 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ ;

(v) ഏതെങ്കിലും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട് ഈ ആക്റ്റ് പ്രകാരം പിടിച്ചെടു ക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്ത വാഹനങ്ങളോ ഗതാഗത ഉപാ ധിയോ, ക്യാഷ് സെക്യൂരിറ്റിയായി മതിയായത്ര ബോണ്ട് എഴുതി ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന്മേൽ, താത്കാലികമായി വിട്ടുകൊടുക്കുന്നതിന് കോട തികൾക്ക് അധികാരിത വ്യവസ്ഥ ചെയ്യുന്നതിന് വേണ്ടിയാണ് 30 ബി എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ ;

(vi) ലേബലിന്റെയോ സെക്യൂരിറ്റി സ്റ്റിക്കറിന്റെയോ കപടാനുകരണം നടത്തു ന്നത്, വിൽക്കുന്നത് മുതലായവ, കുറ്റകരമായ ഗൂഢാലോചന, സാധനങ്ങ ളിൽ വ്യാജചിഹ്നം രേഖപ്പെടുത്തുന്നത്, മദ്യം ക്രയവിക്രയം ചെയ്യുന്നതിന് ഉപയോഗിക്കേണ്ടതാണ് എന്ന ഉദ്ദേശ്യത്തോടുകൂടി വാഹനങ്ങൾ സാധന ങ്ങൾ മുതലായവ നിയമവിരുദ്ധമായി കൈവശം വയ്ക്കുന്നത്, വ്യാജ രേഖകൾ ഉണ്ടാക്കുന്നത് അല്ലെങ്കിൽ ഉപയോഗിക്കുന്നത്, നിയമവിരുദ്ധ പരസ്യം ചെയ്യുന്നത് എന്നിവയ്ക്കായി ശിക്ഷ ചുമത്തുന്നതിന് 55 സി മുതൽ 55 എച്ച് വരെയുള്ള പുതിയ വകുപ്പുകളുടെ കൂട്ടിച്ചേർക്കൽ ;

(vii) പൊതുലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി പല ആളുകൾ ചേർന്ന് ചെയ്ത കുറ്റത്തിന് അവരിൽ ഓരോ ആളെയും അപരാധിയാക്കുന്നതിന് 62 എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ ;

(viii) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടം ലംഘിച്ചതിന്, ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസോ പെർമിറ്റോ ഉള്ള ഏതൊരാളുടെ മേലും ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങ നെയുള്ള പിഴ ചുമത്തുന്നതിന് കമ്മീഷണറെ അധികാരപ്പെടുത്തുന്നതി നാണ് 67-ാം വകുപ്പിന്റെ ഭേദഗതി ;

(ix) പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള പിഴ നൽകുന്നതിന്മേൽ കുറ്റങ്ങൾ രാജി യാക്കുന്നതിനായി അബ്കാരി ആഫീസർമാരെ അധികാരപ്പെടുത്തുന്നതി നാണ് 67 എ എന്ന വകുപ്പിന്റെ കൂട്ടിച്ചേർക്കൽ.

സംസ്ഥാന നിയമസഭ സമ്മേളനത്തിൽ അല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2009-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് (2009-ലെ 26) 2009, ഡിസംബർ 6-ാം തീയതി കേരള

ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2009 ഡിസംബർ 7-ാം തീയതിയിലെ 2274-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2009-ലെ 26-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, കേരള നിയമസഭയുടെ ഡിസംബർ മാസം 29-ാം തീയതി നടന്ന സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല. അതിനാൽ 2010-ലെ അബ്കാരി ഭേദഗതി ഓർഡിനൻസ് (2010-ലെ 6), 2010 ജനുവരി 22-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ജനുവരി 23-ാം തീയതിയിലെ 166-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2010-ലെ 6-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടം ലംഘിച്ചതിന് ഒരു ലൈസൻസോ പെർമിറ്റോ ഉള്ള ഏതൊരാളുടെ മേലും കമ്മീഷണർ ചുമത്തേണ്ട പിഴ യുടെ നിരക്ക് ചട്ടങ്ങളിൽ നിർണ്ണയിക്കുന്നതിന് ബില്ലിലെ 11-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന 67-ാം വകുപ്പ് സർക്കാരിനെ അധികാരപ്പെടുത്തുന്നു ;

2. കുറ്റം ചെയ്ത ആളുകളിൽനിന്നും ചെയ്ത കുറ്റം രാജി ആക്കുന്നതിനായി ഒരു തുക സ്വീകരിക്കുന്നതിന് വിജ്ഞാപനം വഴി അബ്കാരി ആഫീസറെ പ്രത്യേകിച്ച് അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 12-ാം ഖണ്ഡപ്രകാരം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 67 എ വകുപ്പ് സർക്കാരിനെ അധികാരപ്പെടുത്തുന്നു ;

3. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)

## അബ്കാരി ആക്റ്റിൽ (1077-ലെ 1) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

## III ഇറക്കുമതി ചെയ്യലും കയറ്റുമതി ചെയ്യലും കയറ്റികൊണ്ടു പോകലും

6. മദ്യമോ ലഹരിയുള്ള ഔഷധമോ ഇറക്കുമതി ചെയ്യൽ.—(1) യാതൊരു മദ്യ മാകട്ടെ, അങ്ങനെയുള്ള മദ്യമോ ലഹരിയുള്ള ഔഷധമോ ഇറക്കുമതി ചെയ്യുന്നതിന് ഗവൺമെന്റിന്റെയോ, ഈ ആവശ്യത്തിലേക്ക് ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള വല്ല ഉദ്യോഗസ്ഥന്റെയോ അനുവാദം ലഭിച്ചിട്ടില്ലാത്ത പക്ഷവും, ഈ ആക്റ്റ് പ്രകാരം അങ്ങനെയുള്ള മദ്യമോ ലഹരിയുള്ള ഔഷധമോ സംബന്ധിച്ച തീരുവ, നികുതി, ഫീസ് എന്നിവയും ഗവൺമെന്റിലേക്ക് ചെല്ലേണ്ട മറ്റ് തുകകളും അടച്ചിട്ടില്ലാത്ത പക്ഷമോ അല്ലെങ്കിൽ അതിന്റെ ഇറക്കുമതിക്കായി അങ്ങനെയുള്ള തുക അടയ്ക്കാമെന്ന് ബോണ്ട് നൽകിയിട്ടില്ലാത്ത പക്ഷമോ ഇറക്കുമതി ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഗവൺമെന്റോ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ നൽകുന്ന അനുവാദം, ഗവൺമെന്റിന് ഗസറ്റിൽ പരസ്യംമൂലം പ്രത്യേകം പറയാവുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കുന്നതാകുന്നു.

** ** ** **

12 ബി. തയ്യാർ ചെയ്യുന്ന ചില പദാർത്ഥങ്ങളുടെ ഉല്പാദനത്തിൽ മദ്യമോ ലഹരി മരുന്നോ ഉപയോഗിക്കുന്നതിനും അവ കൈവശം വയ്ക്കുന്നതിനുമുള്ള പരിധി.—യാതൊരാളും, തയ്യാർ ചെയ്യുന്ന ഏതെങ്കിലും പദാർത്ഥത്തിന്റെ ഉൽപ്പാദനത്തിൽ, കമ്മീഷണർ വിനിർദ്ദേശിക്കുന്ന അളവിൽ കവിഞ്ഞും, ഇതിലേക്കായി കമ്മീഷണർ നൽകുന്ന ലൈസൻസ് പ്രകാരവും ലൈസൻസിലെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചല്ലാതെയും മദ്യമോ ലഹരി മരുന്നോ ഉപയോഗിക്കുവാൻ പാടുള്ളതല്ല :

എന്നാൽ അങ്ങനെ തയ്യാർ ചെയ്യുന്ന പദാർത്ഥം ഒരു ഔഷധക്കൂട്ടായിരിക്കുന്നിടത്ത് മദ്യത്തിന്റെയോ ലഹരിമരുന്നിന്റെയോ അളവ് വിനിർദ്ദേശിക്കുമ്പോൾ, ഉപഭോഗത്തിനോ ഉപയോഗത്തിനോ ആയി, സംസ്ഥാനത്ത് ആകെ വേണ്ടിവരുന്ന, അത്തരം ഔഷധക്കൂട്ടിന്റെ അളവിന് ഉചിതമായ പരിഗണന നൽകേണ്ടതാണ്.

(2) യാതൊരാളും, മനുഷ്യർക്കോ മൃഗങ്ങൾക്കോ ഉള്ള രോഗത്തിന്റെ യഥാർത്ഥമായ ചികിത്സയ്ക്കോ ശമനത്തിനോ നിവാരണത്തിനോ വേണ്ട ഔഷധക്കൂട്ടല്ലാതെ മദ്യമോ ലഹരി മരുന്നോ അടങ്ങിയ തയ്യാർ ചെയ്യുന്ന യാതൊരു പദാർത്ഥവും കമ്മീഷണർ വിനിർദ്ദേശിച്ചിട്ടുള്ള അളവിൽ കൂടുതൽ കൈവശം വയ്ക്കാൻ പാടുള്ളതല്ല.

** ** ** **

15സി. പൊതുസ്ഥലങ്ങളിൽ മദ്യപിക്കുന്നത്.—ഏതൊരാളും ഏതൊരു പൊതു സ്ഥലത്തും അങ്ങനെയുള്ള സ്ഥലത്ത് കമ്മീഷണർ നൽകിയ ഒരു ലൈസൻസ് പ്രകാരം മദ്യം ഉപയോഗിക്കുന്നത് അനുവദിക്കാത്തപക്ഷം, മദ്യപിക്കുവാൻ പാടില്ലാത്തതാകുന്നു.

വിശദീകരണം I:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക് "പൊതുസ്ഥലം" എന്നതിൽ ഏതെങ്കിലും തെരുവോ, കോടതിയോ, പോലീസ് സ്റ്റേഷനോ അല്ലെങ്കിൽ മറ്റു പൊതു ഓഫീസോ അല്ലെങ്കിൽ ഏതെങ്കിലും ക്ലബ്ബോ, അല്ലെങ്കിൽ പൊതുവിനോദത്തിനോ സന്ദർശനത്തിനോ ഉള്ള ഏതെങ്കിലും സ്ഥലമോ അല്ലെങ്കിൽ ഏതെങ്കിലും യാത്രാബോട്ടിന്റെയോ ഉരുവിന്റെയോ ഏതെങ്കിലും പൊതു യാത്രാവാഹനത്തിന്റെ ഉള്ളിലോ അല്ലെങ്കിൽ വ്യത്യസ്ത വ്യക്തികളോ ആളുകളുടെ കൂട്ടമോ ആഹാരം കഴിക്കുന്ന ഒരു റസ്റ്റോറന്റിലേയോ ഹോട്ടലിലേയോ റസ്റ്റ് ഹൗസിലേയോ ട്രാവലേഴ്സ് ബംഗ്ലാവിലേയോ അല്ലെങ്കിൽ ടൂറിസ്റ്റ് ബംഗ്ലാവിലേയോ ഭക്ഷണമോ ലഘുഭക്ഷണമോ കഴിക്കാനുള്ള മുറിയോ എന്നർത്ഥമാകുന്നതും എന്നാൽ ഏതെങ്കിലും സ്വകാര്യ താമസത്തിനുള്ള മുറി ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

വിശദീകരണം II:—1-ാം വിശദീകരണത്തിന്റെ ആവശ്യത്തിലേക്കായി,

"പൊതുയാത്രാവാഹനം" എന്നാൽ ഒരു വാഹനം മൊത്തത്തിൽ ഉപയോഗിക്കുന്നതിനുവേണ്ടി നിശ്ചിതമോ സമ്മതിച്ചതോ ആയ നിരക്കിനോ അഥവാ തുകയ്ക്കോ പ്രകടമോ, വ്യംഗ്യമോ ആയ കരാറിന്മേൽ വാടകയ്ക്കോ പ്രതിഫലത്തിനോ യാത്രക്കാരെ വഹിച്ചുകൊണ്ടുപോകുന്ന വാഹനമല്ലാത്ത, വാടകയ്ക്കോ പ്രതിഫലത്തിനോ യാത്രക്കാരെ വഹിച്ചുകൊണ്ടുപോകാൻ ഉപയോഗിക്കുന്ന ഒരു വാഹനമെന്നർത്ഥമാകുന്നു.

** ** ** **

## VIII. ആഫീസർമാർ, മുതലായവരുടെ അധികാരങ്ങളും കർത്തവ്യങ്ങളും

30. അപേക്ഷയിന്മേൽ മജിസ്ട്രേറ്റിന് ഒരു പരിശോധനയ്ക്കുള്ള വാറണ്ട് പുറപ്പെടുവിക്കാമെന്ന്.— എക്സൈസ് കമ്മീഷണർക്ക് അല്ലെങ്കിൽ ഏതെങ്കിലും മജിസ്ട്രേറ്റിന്, വിവരം ലഭിക്കുന്നതിന്മേലും, അദ്ദേഹം ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണത്തിനുശേഷം, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹത്തിന് ഏതെങ്കിലും മദ്യം, ലഹരി മരുന്ന്, സാധനങ്ങൾ, വാറ്റ് പാത്രങ്ങൾ, പാത്രങ്ങൾ, ആരോപിക്കപ്പെട്ട കുറ്റം ചെയ്തതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ അല്ലെങ്കിൽ പണിയായുധങ്ങൾ എന്നിവ പരിശോധിക്കാനായി ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്.

അങ്ങനെയുള്ള വാറണ്ട് പുറപ്പെടുവിക്കുന്നതിനുമുമ്പ്, എക്സൈസ് കമ്മീഷണറോ മജിസ്ട്രേറ്റോ വിവരം നൽകുന്ന ആളിനെ സത്യപ്രതിജ്ഞയാലോ ദൃഢപ്രതിജ്ഞയാലോ വിസ്തരിക്കേണ്ടതും, വിസ്താരം രേഖാമൂലം സംക്ഷിപ്തമായി രേഖപ്പെടുത്തേണ്ടതും, വിവരം നൽകുന്ന ആൾ ഒപ്പിടേണ്ടതും കമ്മീഷണറോ അല്ലെങ്കിൽ മജിസ്ട്രേറ്റോകൂടി ഒപ്പിടേണ്ടതുമാണ്.

31. ചില അബ്കാരി ഉദ്യോഗസ്ഥർക്കും പോലീസ് ഉദ്യോഗസ്ഥർക്കും വാറണ്ട് കൂടാതെ വീടുകൾ, മുതലായവ പരിശോധിക്കുന്നതിനുള്ള അധികാരം.—എക്സൈസ് കമ്മീഷണർ അല്ലെങ്കിൽ ഇതിലേക്കായി സർക്കാർ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള പദവിയിൽ താഴെയല്ലാത്ത ഏതൊരു അബ്കാരി ഉദ്യോഗസ്ഥനും അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെയോ പോലീസ് സ്റ്റേഷൻ ആഫീസറുടെയോ പദവിയിൽ താഴെയല്ലാത്ത ഏതൊരു പോലീസ് ആഫീസർക്കും ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഇത് മുൻവകുപ്പ് പ്രകാരമുള്ള ഒരു സെർച്ച് വാറണ്ട് ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം അതിന്റെ നിർവ്വഹണം തടയുമെന്നും വിശ്വസിക്കാൻ തക്ക കാരണമുള്ള പക്ഷം, അദ്ദേഹം കാരണങ്ങളും തന്റെ വിശ്വാസത്തിന് അടിസ്ഥാനമായ കാര്യങ്ങളും രേഖപ്പെടുത്തിയതിനുശേഷം രാത്രിയിലോ പകലോ ഏതു സമയത്തും ഏതൊരു സ്ഥലത്തും പ്രവേശിക്കാവുന്നതും പരിശോധന നടത്താവുന്നതും ആ സ്ഥലത്ത് കാണപ്പെടുന്ന ഏതൊരു വസ്തുവും, ഈ ആക്റ്റ് പ്രകാരം കണ്ടുകെട്ടലിന് ബാധകമാണെന്ന് വിശ്വസിക്കാൻതക്ക കാരണമുള്ളപക്ഷം അദ്ദേഹത്തിന് അത് പിടിച്ചെടുക്കാവുന്നതും തടഞ്ഞുവയ്ക്കാവന്നതും അങ്ങനെയുള്ള സ്ഥലത്ത് കാണപ്പെടുന്ന ഏതൊരാളെയും ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റത്തിന് അപരാധിയാണെന്ന് വിശ്വസിക്കാൻ തക്ക കാരണമുണ്ടായിരുന്നാൽ, അയാളെ തടഞ്ഞുവയ്ക്കാവുന്നതും പരിശോധിക്കാവുന്നതും, ശരിയെന്ന് അദ്ദേഹത്തിന് തോന്നുകയാണെങ്കിൽ, അറസ്റ്റ് ചെയ്യാവുന്നതുമാണ്.

** ** ** **

53എ. പിടിച്ചെടുക്കപ്പെട്ട മദ്യത്തിന്റെയോ ലഹരി മരുന്നുകളുടേയോ സാധനത്തിന്റെയോ തീർപ്പാക്കൽ.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന സർക്കാരിന്, മദ്യത്തിന്റെയോ ലഹരിമരുന്നിന്റെയോ സാധനത്തിന്റെയോ സ്വഭാവം, അവയുടെ മോഷണസാധ്യത, പകരംവയ്ക്കൽ, ശരിയായ സംഭരണ സ്ഥലത്തിന്റെ അപര്യാപ്തത അല്ലെങ്കിൽ മറ്റേതെങ്കിലും ഉചിതമായ കാരണങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ട്, 67ബി വകുപ്പിൽ പരാമർശിച്ചിട്ടുള്ള അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അത്തരം മദ്യമോ, ലഹരിമരുന്നോ, സാധനമോ അവ പിടിച്ചെടുത്തു കഴിഞ്ഞാലുടനെ, ഇനി പറയുന്ന നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം തീർപ്പാക്കാമെന്ന് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി വിനിർദ്ദേശിക്കാവുന്നതാണ് .

** ** ** **

(5) 1872-ലെ ഇൻഡ്യൻ തെളിവ് നിയമത്തിലോ (1872-ലെ 1-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം വിചാരണ നടത്തുന്ന ഏതൊരു കോടതിയും ഇൻവെന്ററി, മദ്യത്തിന്റെയോ, ലഹരിമരുന്നിന്റെയോ അല്ലെങ്കിൽ സാധനത്തിന്റെയോ ഫോട്ടോഗ്രാഫുകൾ, (2)-ഉം (4)-ഉം ഉപവകുപ്പുകൾ പ്രകാരം എടുത്തിട്ടുള്ളതും മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ സാമ്പിളുകളുടെ ലിസ്റ്റ് എന്നിവ അങ്ങനെയുള്ള കുറ്റം സംബന്ധിച്ച പ്രാഥമിക തെളിവായി കണക്കാക്കേണ്ടതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "സാധനം" എന്നതിൽ കാലപ്പഴക്കത്താൽ മൂല്യശോഷണം സംഭവിക്കുന്നതായ ശർക്കരയും അതുപോലുള്ള മറ്റ് പദാർത്ഥങ്ങളും ഉൾപ്പെടുന്നതാകുന്നു.

** ** ** **

55ബി. ഡീനേച്ചർ ചെയ്ത സ്പിരിറ്റ് മനുഷ്യർക്കുപയോഗിക്കാൻ പാകത്തിൽ ആക്കിത്തീർക്കുകയോ ആക്കിത്തീർക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.—സംസ്ഥാനത്തിനകത്ത് നിർമ്മിച്ചതോ അല്ലാത്തതോ ആയ ഏതെങ്കിലും ഡീനേച്ചർ ചെയ്ത സ്പിരിറ്റ് മനുഷ്യർക്കുപയോഗിക്കാൻ പാകത്തിൽ ആക്കിത്തീർക്കുകയോ ആക്കിത്തീർക്കാൻ ആരെങ്കിലും ശ്രമിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ശ്രമം നടത്തിയതായി അയാൾക്കറിവുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള ശ്രമം നടത്തിയതായി വിശ്വസിക്കാൻ കാരണമുള്ളതോ ആയ ഏതെങ്കിലും സ്പിരിറ്റ് അയാളുടെ കൈവശം ഉണ്ടെങ്കിൽ അങ്ങനെയുള്ള ഏതൊരാളും ഒരു നിയമാനുസൃത കോടതി മുമ്പാകെ നടത്തുന്ന കുറ്റസ്ഥാപനത്തിന്മേൽ അഞ്ചുവർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയും ഇരുപത്തി അയ്യായിരം രൂപയിൽ കുറയാൻ പാടില്ലാത്ത പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, മറ്റുവിധത്തിൽ തെളിയിക്കപ്പെടാത്ത പക്ഷം, ഏതെങ്കിലും സ്പിരിറ്റിൽ, നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും ഡീനേച്ചറന്റുകൾ ഏതെങ്കിലും അളവിലുണ്ടെന്ന് രാസപരിശോധനയിൽ തെളിയുന്നുവെങ്കിൽ അത് ഡീനേച്ചർ ചെയ്ത സ്പിരിറ്റ് ആണെന്നോ അല്ലെങ്കിൽ അത് അടങ്ങിയിരിക്കുന്നുവെന്നോ അല്ലെങ്കിൽ അതിൽ നിന്നും ഉണ്ടാക്കിയതാണെന്നോ അനുമാനിക്കുന്നതാണ്.

56. ലൈസൻസ് ഉടമയുടെയും മറ്റും പെരുമാറ്റ ദൂഷ്യം മുതലായവയ്ക്ക്.—ഈ ആക്റ്റിൻകീഴിൽ നൽകിയിട്ടുള്ള ഒരു ലൈസൻസിന്റെയോ പെർമിറ്റിന്റെയോ ഉടമയായ അല്ലെങ്കിൽ അങ്ങനെയുള്ള ഉടമയുടെ കീഴിൽ ജോലി ചെയ്യുന്നതും അദ്ദേഹത്തിനുവേണ്ടി പ്രവർത്തിക്കുന്നതുമായ, ഏതൊരാളും,—

(എ) ഏതെങ്കിലും അബ്കാരി ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോഴോ അല്ലെങ്കിൽ അങ്ങനെ ആവശ്യപ്പെടുന്നതിന് യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോഴോ അപ്രകാരമുള്ള ലൈസൻസോ പെർമിറ്റോ ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുകയോ ; അല്ലെങ്കിൽ

(ബി) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതല്ലാത്തതായ, അയാളുടെ ലൈസൻസിലോ പെർമിറ്റിലോ ഉള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും മനഃപൂർവ്വമായി ചെയ്യുകയോ ചെയ്യാതിരിക്കുകയോ ; അല്ലെങ്കിൽ

(സി) ** ** ** **

(ഡി) മദ്യമോ, ലഹരിയുള്ള ഔഷധങ്ങളോ വിൽക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന ഏതെങ്കിലും സ്ഥലത്ത് മദ്യപാനമോ, ലഹളകളോ, പന്തയമത്സരങ്ങളോ അനുവദിക്കുകയോ ; അല്ലെങ്കിൽ

(ഇ) അങ്ങനെയുള്ള സ്ഥലത്ത് ദുഃസ്വഭാവങ്ങൾക്ക് കുപ്രസിദ്ധിയുള്ള വ്യക്തികൾ ഒത്തുചേരുന്നതിനോ തങ്ങുന്നതിനോ അനുവദിക്കുകയോ ചെയ്യുന്നതായാൽ—

അങ്ങനെയുള്ള ഓരോ കുറ്റത്തിനും ഒരു മജിസ്ട്രേറ്റിന്റെ മുൻപാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ ആറുമാസംവരെയാകാവുന്ന തടവോ രണ്ടായിരം രൂപ വരെയാകാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

57. <u>ലൈസൻസുള്ള വിൽപ്പനക്കാരനോ ഉൽപ്പാദകനോ മായം ചേർക്കുന്നതും മറ്റും.</u>—ഈ ആക്റ്റ് പ്രകാരം മദ്യമോ ഏതെങ്കിലും ലഹരിയുള്ള ഔഷധമോ വിൽക്കുന്നതിനോ ഉൽപ്പാദിപ്പിക്കുന്നതിനോ ഉള്ള ഒരു ലൈസൻസ് കൈവശമുള്ള ഏതൊരാളും,—

(എ) അയാൾ, വിൽക്കുകയോ ഉൽപാദിപ്പിക്കുകയോ ചെയ്യുന്ന മദ്യം അല്ലെങ്കിൽ ലഹരിയുള്ള ഔഷധവുമായി, അപായകരമായ ഔഷധമല്ലാത്ത ഏതെങ്കിലും ഔഷധമോ അല്ലെങ്കിൽ അതിന്റെ യഥാർത്ഥമായ അല്ലെങ്കിൽ പ്രകടമായ ലഹരിസ്വഭാവമോ വീര്യമോ വർദ്ധിപ്പിക്കുവാൻ സാധ്യതയുള്ള ഏതെങ്കിലും അന്യ ചേരുവയോ അല്ലെങ്കിൽ 29-ാം വകുപ്പ് (കെ) ഖണ്ഡത്തിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടപ്രകാരം സർക്കാർ അപായകരമാണെന്ന് കരുതുന്ന ഒരു വസ്തു ഒഴികെയുള്ള ഏതെങ്കിലും നിരോധിത വസ്തുവോ കൂട്ടിക്കലർത്തുകയോ കൂട്ടിക്കലർത്തുന്നതിന് അനുവദിക്കുകയോ ചെയ്യുകയും അങ്ങനെ കൂട്ടിക്കലർപ്പുകൊണ്ടുണ്ടായ സാധനം ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 272-ാം വകുപ്പുപ്രകാരം മായം ചേർക്കലിനുള്ള കുറ്റമാകാതിരിക്കുകയും ; അല്ലെങ്കിൽ

** ** ** **

61. <u>അറസ്റ്റ് ചെയ്യപ്പെട്ട ആളുകളുടെ രക്ഷപെടലിന് പ്രേരണ നൽകുന്നതും മറ്റും.</u>— ഈ ആക്റ്റ് പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട ഏതെങ്കിലും ആളെ നിയമവിരുദ്ധമായി മോചിപ്പിക്കുകയോ അയാളുടെ രക്ഷപെടലിന് പ്രേരണ നൽകുകയോ അല്ലെങ്കിൽ ഈ ആക്റ്റിനെതിരായി ഏതെങ്കിലും കുറ്റം ചെയ്യുന്നതിന് പ്രേരണ നൽകുകയോ അല്ലെങ്കിൽ ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിനോ അവയുടെ ലംഘനത്തിനോ അബ്കാരി നികുതി വെട്ടിപ്പിനോ കഴിയുന്ന വിധത്തിൽ ഏതെങ്കിലും ആൾക്ക് എന്തെങ്കിലും പ്രവർത്തിക്കുന്നതിനായി തന്റെ കർത്തവ്യത്തിനു വിരുദ്ധമായി ഏതെങ്കിലും തരത്തിൽ പ്രവർത്തിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനോ ആളുകളോ ; കൂടാതെ ഏതെങ്കിലും സ്ഥലത്ത് ഈ ആക്റ്റിനു വിരുദ്ധമായി ഏതെങ്കിലും കുറ്റം ചെയ്യുന്നതിനു പ്രേരണ നൽകുന്ന 37-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റിലെ ഏതൊരു ഉദ്യോഗസ്ഥനോ, അങ്ങനെയുള്ള ഓരോ കുറ്റത്തിനും, ക്ഷമതയുള്ള ഒരു കോടതി മുൻപാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ, ഇരുപത്തിഅയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ മൂന്നുവർഷം വരെയാകാവുന്ന തടവോ അഥവാ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

62. ***

** ** ** **

67. ചില സംഗതികളിൽ കുറ്റങ്ങൾ രാജിയാക്കാനുള്ള അധികാരം.—കമ്മീഷണർക്ക്, ഈ ആക്റ്റ് പ്രകാരമുള്ള ലൈസൻസോ പെർമിറ്റോ കൈവശമുള്ള ഏതെങ്കിലും ആളിനോ ആളുകൾക്കോ വിദേശമദ്യത്തിന്റെ വീര്യം അതതു സമയങ്ങളിൽ നിശ്ചയിക്കാവുന്ന അംഗീകൃത പരിധിയിൽ നിന്ന് വ്യത്യാസപ്പെടുത്തുന്നതിനുള്ള ഈ ആക്റ്റിലെ 56(ബി) വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾക്ക് ഓരോന്നിനും 10,000 രൂപ (പതിനായിരം രൂപ മാത്രം) വീതം പിഴ ചുമത്താവുന്നതാണ്.

(2) കമ്മീഷണർക്ക്, ഈ ആക്റ്റ് പ്രകാരം ലൈസൻസോ പെർമിറ്റോ കൈവശമുള്ള ഏതെങ്കിലും ആളിനോ000 ആളുകൾക്കോ ഏതു പ്രമാണത്തിന്റെ പിൻബലത്തിലാണോ അങ്ങനെയുള്ള ലൈസൻസ് ലഭിച്ചിട്ടുള്ളത് ആ പ്രാമണം, കമ്മീഷണറുടെ അനുവാദം കൂടാതെ പുനഃസംഘടിപ്പിക്കുകയോ മാറ്റം വരുത്തുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുക വഴിയുണ്ടാകുന്ന ലംഘനത്തിന് ഓരോന്നിനും 25,000 രൂപ (ഇരുപത്തിഅയ്യായിരം രൂപ മാത്രം) വീതം പിഴ ചുമത്താവുന്നതാണ്.

67എ ***